©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 13 Vol. XIII | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2024 നവംബർ 19 19th November 2024 1200 വൃശ്ചികം 4 4th Vrischikam 1200 1946 കാർത്തികം 28 28th Karthika 1946 | നമ്പർ No. 3688

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-എച്ച്) വകുപ്പ്

### വിജ്ഞാപനം

നമ്പർ ലെഗ്.എച്ച്1/132/2024/നിയമം. *തിരുവനന്തപുരം, 2024 നവംബർ 18*
*1200 വൃശ്ചികം 3*
*1946 കാർത്തികം 27.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസാക്കിയ പ്രകാരമുള്ള ബില്ലിന് 2024 നവംബർ 15-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2024-ലെ 31-ാം ആക്റ്റ്

# 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ്

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിലെ (കെ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെ) "രജിസ്റ്റർ" എന്നാൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;".

3. 3-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (എച്ച്) ഖണ്ഡത്തിൽ, "1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റിന്റെ (1953-ലെ IX)" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വാക്കുകൾക്കും ബ്രാക്കറ്റിനും പകരം "2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിന്റെ (2021-ലെ 36-ാം ആക്റ്റ്)" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

4. <u>14-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി), (ഇ) ഖണ്ഡങ്ങൾക്ക് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഡി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫീഷ്യോ;

(ഇ) ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫീഷ്യോ;

(ഇഎ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡെന്റൽ സർജൻ;".

5. <u>15-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന്റെ (ഇ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) സുരക്ഷ, അണുബാധ നിയന്ത്രണം, ചികിത്സാ മാർഗ്ഗങ്ങൾ എന്നിവയുടെ നിലവാരം നിശ്ചയിച്ചുകൊണ്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിക്കുമെന്ന് ഉറപ്പ് നൽകുക;".

6. <u>20-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിലെ "മൂന്ന്" എന്ന വാക്കിന് പകരം "അഞ്ച്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. <u>48-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 48-ാം വകുപ്പിന്റെ മാർജിനൽ ശീർഷകത്തിലെയും (1)-ാം ഉപവകുപ്പിലെയും, "കൗൺസിലിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയും നിർവ്വാഹക സമിതിയിലെയും അതോറിറ്റിയിലെയും" എന്നീ വാക്കുകളും, (3)-ാം ഉപവകുപ്പിലെ "കൗൺസിലിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെ അല്ലെങ്കിൽ അതോറിറ്റിയുടെ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലെയോ നിർവ്വാഹക സമിതിയിലെയോ അതോറിറ്റിയിലെയോ", "കൗൺസിലിന്റെയോ നിർവ്വാഹക സമിതിയുടെയോ അല്ലെങ്കിൽ അതോറിറ്റിയുടെയോ" എന്നീ വാക്കുകളും യഥാക്രമം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ,—

(1) "(1) കൗൺസിലിന്റെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ:—" എന്നീ ബ്രാക്കറ്റിനും അക്കത്തിനും വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കൗൺസിലിന്റെയും നിർവ്വാഹക സമിതിയുടെയും അതോറിറ്റിയുടെയും അംഗമായിരിക്കുന്നതിന്, അയാൾ,—" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(2) ഖണ്ഡം (ഇ)-യിലെ "കൗൺസിലിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾക്ക് പകരം "കൗൺസിലിലോ നിർവ്വാഹക സമിതിയിലോ അതോറിറ്റിയിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-H) Department**

NOTIFICATION

No. Leg.H1/132/2024/Law. *Dated, Thiruvananthapuram, 18th November, 2024*
*3rd Vrischikam, 1200*
*27th Karthika, 1946.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Clinical Establishments (Registration and Regulation) Amendment Act, 2024 (Act 31 of 2024).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ്" published under the authority of the Governor.]

**ACT 31 OF 2024**

THE KERALA CLINICAL ESTABLISHMENTS (REGISTRATION AND REGULATION) AMENDMENT ACT, 2024

*An Act further to amend the Kerala Clinical Establishments (Registration and Regulation) Act, 2018.*

*Preamble*.—WHEREAS, it is expedient further to amend the Kerala Clinical Establishments (Registration and Regulation) Act, 2018 (Act 2 of 2018) for the purposes hereinafter appearing;

BE it enacted in the Seventy-fifth Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Clinical Establishments (Registration and Regulation) Amendment Act, 2024.

(2) It shall come into force at once.

2. *Amendment of section 2*.—For clause (k) of section 2 of the Kerala Clinical Establishments (Registration and Regulation) Act, 2018 (Act 2 of 2018) (hereinafter referred to as the principal Act), the following clause shall be substituted, namely:—

"(k) "register" means the State register containing details of the registered clinical establishments, maintained and published by the Council under sub-section (1) of section 12 of the Act;".

3. *Amendment of section 3*.—In clause (h) of sub-section (2) of section 3 of the principal Act, for the words, symbols, figures and bracket "Travancore-Cochin Medical Practitioners Act, 1953 (IX of 1953)", the words, symbol, figures and bracket "Kerala State Medical Practitioners Act, 2021 (Act 36 of 2021)" shall be substituted.

4. *Amendment of section 14*.—In sub-section (1) of section 14 of the principal Act, for clauses (d) and (e), the following clauses shall be substituted, namely:—

"(d) District Medical Officer of the Indian Systems of Medicine, *ex-officio*;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(e) District Medical Officer of Homoeopathic System of Medicine, *ex-officio*;

(ea) a Dental Surgeon nominated by the Government;".

5. *Amendment of section 15*.—In section 15 of the principal Act, for clause (e), the following clause shall be substituted, namely:—

"(e) undertake to comply with the guidelines issued by the Government from time to time specifying the standard of safety, infection control and method of treatments;".

6. *Amendment of section 20*.—In section 20 of the principal Act, for the word "three", the word "five" shall be substituted.

7. *Amendment of section 48*.—In section 48 of the principal Act, in the marginal heading and in sub-section (1), for the words "the Council and the Authority", the words and symbol "the Council, the Executive Committee and the Authority" and in sub-section (3), for the words "the Council or Authority" in both the places where they occur, the words "the Council or the Executive Committee or the Authority" shall respectively be substituted.

8. *Amendment of section 49*.—In section 49 of the principal Act, for the words "the Council or Authority" in both the places where they occur, the words "the Council or the Executive Committee or the Authority" shall be substituted.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.11.19 09:37:35 +05:30